തൃത്താല- വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

132 [1071] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല- വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് എന്തു തുക വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുമ്പോൾ എത്ര കോടി രൂപയാണ് ചെലവ് കണക്കാക്കിയത് എന്നും അത് ഏത് വർഷത്തിലാണ് എന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചു എന്നും ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണ് എന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് നബാർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; എത്ര വർഷംകൊണ്ട് തീർക്കാനാണ് നബാർഡ് നിർദ്ദേശിച്ചിട്ടുള്ളത്; നബാർഡുമായി എത്ര വർഷത്തേക്കാണ് കരാർ ചെയ്തിട്ടുള്ളത്;

(ഇ) കരാറിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ പുതുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ടി പദ്ധതിയുടെ പണി തീരുമ്പോൾ 3600 ലക്ഷം രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) 3-8-2000-ൽ 1996-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം 3500 ലക്ഷം രൂപയാണ് ടി പദ്ധതിക്കുള്ള ചെലവായി കണക്കാക്കിയിരുന്നത്.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി 31-5-2005 വരെ 2633 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

1998-1999	..	380 ലക്ഷം രൂപ
1999-2000	..	300 ലക്ഷം രൂപ
2000-2001	..	500 ലക്ഷം രൂപ
2001-2002	..	600 ലക്ഷം രൂപ
2002-2003	..	300 ലക്ഷം രൂപ
2003-2004	..	1000 ലക്ഷം രൂപ
2004-2005	..	800 ലക്ഷം രൂപ
2005-2006	..	ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. പണി തീർക്കുവാൻ 2003 മാർച്ച് 31 വരെ രണ്ടു വർഷമായിരുന്നു സമയം തന്നിരുന്നത്. തുടർന്നു രണ്ടുവർഷം കൂടി സമയം നീട്ടി കിട്ടിയിട്ടുണ്ട്.

(ഇ) കമാറിന്റെ കാലാവധി കഴിഞ്ഞു. 2006 മാർച്ച് 31 വരെ സമയം നീട്ടി ചോദിച്ചിട്ടുണ്ട്.

കടലായി തീരത്ത് കടൽഭിത്തി

133 [1072] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എടക്കാട് പഞ്ചായത്തിന്റേയും കണ്ണൂർ മുനിസിപ്പാലിറ്റിയുടേയും അതിർത്തി പ്രദേശമായ കടലായി തീരത്ത് നിരന്തരമായി കടലാക്രമണമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കടലാക്രമണഭീഷണി നേരിടുന്നതിന് ഇതുവരെയായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഈ പ്രദേശത്ത് അടിയന്തിരമായി കടൽഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) കടലായി പ്രദേശത്ത് 700 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുവാൻ 126 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഫ്ളഡ് കൺട്രോൾ ആന്റ് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ സെൻട്രൽ വാട്ടർ കമ്മീഷനിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. സി. ഡബ്ല്യു. സി.-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്.

ഭാരതപ്പുഴയിൽ കൂട്ടക്കടവ് ചെക്ക്ഡാം നിർമ്മിക്കുന്ന പദ്ധതി

134 [1073] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ കൂട്ടക്കടവ് ചെക്ക്ഡാം നിർമ്മിക്കുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഈ വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly